I/256213/2024

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ</u>
<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം – സാങ്കേതികവിഭാഗം – ആലപ്പുഴ ജില്ല - ആലപ്പുഴ നഗരസഭ - മുല്ലയ്ക്കൽ വില്ലേജ് - വാസഗൃഹ നിർമ്മാണം - കൺകറൻസ് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീ.രാജേന്ദ്രൻ, ശ്രീമതി.ലൈല രാജേന്ദ്രൻ, രശ്മി നിവാസ്, പഴവീട് ആലപ്പുഴയുടെ 13/02/2024 ലെ അപേക്ഷ.

2. ആലപ്പുഴ ജില്ലാ ടൗൺപ്ലാനറുടെ 19/02/2024 ലെ LSGD/JD/ALP/4580/2023 - T3 നമ്പർ കത്ത്.

==========================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. LSGD/PD/10372/2024-TCPA2 തിയതി:05-04-2024

==========================================================

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നഗരസഭ പരിധിയിലുള്ള മുല്ലയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 692/6എ -ൽ ഉൾപ്പെട്ട 138 ച.മീ സ്ഥലത്ത് നിലവിലുള്ള വാസഗൃഹം പൊളിച്ചുമാറ്റി 64.03 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിന് ആലപ്പുഴ പട്ടണത്തിന്റെ അംഗീകൃത മാസ്റ്റർപ്ലാൻ പ്രകാരമുള്ള കൺ കറൻ സ് അംഗീകാരത്തിനായി ശ്രീ.രാജേന്ദ്രൻ, ശ്രീമതി.ലൈല രാജേന്ദ്രൻ, രശ്മി നിവാസ്, പഴവീട് ആലപ്പുഴ, പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ ടൗൺപ്ലാനർക്ക് സമർപ്പിക്കുകയും, ടി അപേക്ഷയിന്മേൽ ടി നിർമ്മാണ സ്ഥലം ജില്ലാ ടൗൺപ്ലാനർ പരിശോധിച്ച് പ്രസ്തുത സ്ഥലം ആലപ്പുഴ മാസ്റ്റർ പ്ലാൻ പ്രകാരം റെസിഡൻഷ്യൽ സോണിലും സ്പെഷ്യൽ സോൺ 6 ആയ ഗ്രീൻ സ്ട്രിപ്പ് കൺസർവേഷൻ സോണിൽ ഉൾപ്പെടുന്നതായും ടി സ്ഥലത്ത് പ്രസ്തുത നിർമ്മാണം അനുവദനീയമല്ലെന്നും എന്നാൽ സോണിംഗ് റെഗുലേഷനിലെ ഖണ്ഡിക 3 പ്രകാരം ടി മേഖലയിൽ പ്രസ്തുത നിർമ്മാണം മൂലം പാരിസ്ഥിതിക സ്വധീനം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തി മാസ്റ്റർ പ്ലാനിന് അനുമതി കിട്ടുന്നതിന് മുൻപ് നിലവിലുള്ള കെട്ടിടത്തിന്റെ സ്ഥാനം, ഉപയോഗം എന്നിവ വ്യത്യാസപ്പെടുത്താതെയുള്ള പുനരുദ്ധാരണം, നഗരസഭാ സെക്രട്ടറിയ്ക്ക് അനുവദിക്കാവുന്നതും നിലവിലുള്ള കെട്ടിടത്തിന്റെ ഉപയോഗമാറ്റമില്ലാതെയുള്ള കൂട്ടിച്ചേർക്കൽ പുനർനിർമ്മാണം എന്നിവ മുഖ്യനഗരാസൂത്രകന്റെ കൺകറൻസോടെ അനുവദിക്കാവുന്നതാണെന്നും ജില്ലാ ടൗൺപ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നിർമ്മാണത്തിന് കെ.എം.ബി.ആർ 2019 - നും ചുവടെ വിവരിക്കുന്ന നിബന്ധനകൾക്കും, വിധേയമായി അംഗീകൃത ആലപ്പുഴ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതികൾ/ എൻ.ഒ.സികൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി/ ഒക്യുപൻസി നൽകാൻ പാടുള്ളൂ.
2. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ സർവ്വേ നമ്പർ, ഉടമസ്ഥത, വിസ്തൃതി, അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം, നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നിവ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്.
3. നിർമ്മാണം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, അനുബന്ധ സർക്കാർ ഉത്തരവുകൾ/ സർക്കുലറുകൾ, 1967 - ലെ കേരള ഭൂ വിനിയോഗ ഉത്തരവ് എന്നിവക്ക് അനുസൃതമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. നിർമ്മാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ 2019 ചട്ടങ്ങൾക്കു വിധേയമായിരിക്കണം .

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫരിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, ആലപ്പുഴ നഗരസഭ, ആലപ്പുഴ

പകർപ്പ്:-

1. ശ്രീ.രാജേന്ദ്രൻ, ശ്രീമതി.ലൈല രാജേന്ദ്രൻ, രശ്മി നിവാസ്, പഴവീട് ആലപ്പുഴ
2. ജില്ലാ ടൗൺപ്ലാനർ, ആലപ്പുഴ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം